# എൽ. എസ് എസ് സ്ക്രീനിങ് ടെസ്റ്റ് 2025

## paper I

മലയാളം **Marks:20**

**1.** ലോകത്തെ ശരിയായ രീതിയിൽ കാണാൻ കഴിയാത്ത നമ്മുടെ പരിമിതികളെ കുറിച്ചാണ് ഈ കവിതയിൽവിവരിക്കുന്നത്.ഓരോരുത്തരും ഒരു പ്രത്യേക വസ്തുവിന്റെ ബാഹ്യമായ രൂപം മാത്രം കാണുന്നതിനെ കുറിച്ച് കവിതയിൽ പറയുന്നു.

നിങ്ങൾ പഠിച്ച ഒരു കവിതയിലെ ആശയങ്ങളാണ് മുകളിൽ കൊടുത്തിരിക്കുന്നത് ഏതാണ് ആ കവിത ? **(1)**

**2.**ചില പദങ്ങൾ ചേർത്ത് എഴുതിയത് ശ്രദ്ധിക്കുക.**(1)**

അമ്പിളി + തോണി - അമ്പിളിത്തോണി

താളത്തിൽ + ഓടി - താളത്തിലോടി

ചാലെ + തടുത്തു -

മൂന്നു മുതൽ അഞ്ചുവരെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ തന്നിട്ടുള്ളവയിൽ നിന്ന് തിരഞ്ഞെടുത്തെഴുതുക.

**3.** 'കയ്യെത്തിക്കണ്ട, 'മെയ്യെത്തിക്കണ്ട ' എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്? **(1)**

**A.**കൈകൊണ്ട് തൊടേണ്ട അടുത്ത് വരേണ്ട

**B.**കൈകൊണ്ടും മെയ്യോണ്ടും തൊടുക

**C.**കയ്യും എത്തിക്കാൻ വരും

**D.**അകലം പാലിക്കുക

ശരിയായയത് ഏത്**?**

**a)** എല്ലാം ശരി

**b)** **B** ശരി

**c)** **A, D** ശരി

**d)** **B, C** ശരി

**4.**താഴെ തന്നിരിക്കുന്ന പദങ്ങളിൽനിന്ന് 'ദുഃഖം ' എന്ന അർത്ഥത്തിൽ പ്രയോഗിക്കുന്ന ശരിയായ പദം തിരഞ്ഞെടുത്ത എഴുതുക. **(1)**

**A.**അചലം **B.**വദനം

**C.** അല്ലൽ **D.** അയനം

**5.**"കാറ്റത്തിട്ട അമ്മി പോലൊരു വണ്ടി! അമ്മയുടെ കണ്ടെത്തൽ ഗംഭീരം തന്നെ " മോനു തന്റെ പ്രതിഷേധം അറിയിച്ചു. അമ്മ അപ്പോഴും ചിരിച്ചതേയുള്ളൂ. അടിവരയിട്ട വാക്യത്തിൽ വിട്ടുപോയ ചിഹ്നം ഏത്? **(1)**

**A. ( )** **B. !**

**C. " "** **D. :**

**6.**പി പി രാമചന്ദ്രന് കേരള സാഹിത്യ അക്കാദമി അവാർഡ് നേടിക്കൊടുത്ത കൃതി ഏതാണ് ? **(1)**

**7.**കൂട്ടത്തിൽ പെടാത്തത് ഏത്? **(1)**

**A.**മുളയ്ക്കുന്ന ചെടി **B.**ഒഴുകുന്ന വെള്ളം

**C.**ചിലക്കുന്ന പക്ഷി **D.**വീശുന്ന മഴ

**8.**ഒരാളുടെ ജീവിതത്തെക്കുറിച്ച് മറ്റൊരാൾ എഴുതുന്നത്? **(1)**

**A.**ആത്മകഥ **B.**ഡയറി

**C.**ജീവചരിത്രം **D.**ഒരാളുടെ ജീവിതത്തെക്കുറിച്ച് അന്വേഷിച്ച് എഴുതുന്നത്

a)A ,B ശരി b)C ,D ശരി

c)B, C ശരി d)B മാത്രം ശരി

**9.**ചോറെല്ലാമാറി ചമഞ്ഞു തുടങ്ങുന്നു

നീറുന്നിതുള്ളവും പിന്നെപ്പിന്നെ

ഈ വരികൾ ആരുടേത്? **(1)**

**10.**ചിറകുമുളച്ചു എന്ന പ്രയോഗം ചേർന്നുവരുന്ന വാക്യങ്ങളിൽ താഴെപ്പറയുന്നവയിൽ ഏതാണ് ശരിയല്ലാത്തത്? **(1)**

**A.**ടീച്ചർ ആകണമെന്ന മോഹത്തിന് ചിറകുമുളച്ചപ്പോൾ ഞാൻ നന്നായി പഠിക്കാൻ തുടങ്ങി.

**B.**എൻറെ ഭാവനയ്ക്ക് ചിറകുമുളച്ചപ്പോൾ ഞാൻ നല്ലൊരു കഥ എഴുതി

**C.**കുട്ടിക്ക് ചിറകുമുളച്ചപ്പോൾ അവൾ ബസ്സിൽ കയറി യാത്ര ചെയ്തു.

**11.**താഴെക്കൊടുത്തിരിക്കുന്ന സൂചനകൾ ഉൾപ്പെടുത്തി ജീവചരിത്രകുറിപ്പ് തയ്യാറാക്കുക. (3)

സുഗതകുമാരി

| | |
|---|---|
| മലയാളത്തിലെ പ്രശസ്ത കവയത്രി -പരിസ്ഥിതി പ്രവർത്തക | ജനനം -**1932** -ആറന്മുള<br>മരണം - **2020**ഡിസംബർ **3** |

. അച്ഛൻ - ബോധേശ്വരൻ (കവി, സ്വാതന്ത്ര്യസമരസേനാനി ) അമ്മ - വി കെ കാർത്ത്യായനി - (സംസ്കൃത പണ്ഡിത )

<u>വഹിച്ച പദവികൾ</u>

കേരളത്തിലെ വനിതാ കമ്മീഷൻ - ആദ്യ ചെയർപേഴ്സൺ

ചീഫ് എഡിറ്റർ -തളിര് മാസിക

അഭയ -സ്ഥാപക സെക്രട്ടറി

<u>പ്രധാന അവാർഡുകൾ</u> -

എഴുത്തച്ഛൻ പുരസ്കാരം, കേരള സാഹിത്യ അക്കാദമി പുരസ്കാരങ്ങൾ, ഓടക്കുഴൽ പുരസ്കാരം, വയലാർ അവാർഡ്, പത്മശ്രീ പുരസ്കാരം. പ്രധാന കൃതികൾ - രാത്രിമഴ, അമ്പലമണി, പാതിരാ പൂക്കൾ, വാഴത്തേൻ , മുത്തുച്ചിപ്പി

**12.**ശരിയായി എഴുതിയ പദം ഏത് ? **(1)**

**A.**പരമാവദി **B.** പരമാവധി

**C.** പരമാവതി **D.** പരമാവഥി

**13.**നാലാം ക്ലാസിലെ പാഠഭാഗത്തിൽ വരുന്ന കവിതകളും അതെഴുതിയ ആളുകളുടെ പേരുമാണ് താഴെ തന്നിരിക്കുന്നത്. ചേരുംപടി ചേർക്കുക.**(3)**

| | |
|---|---|
| സൈക്കിൾ ചവിട്ടാൻ | അക്കിത്തം |
| മുന്നറിയിപ്പ് | ചെറുശ്ശേരി |
| കാത്തിരിപ്പ് | പി പി രാമചന്ദ്രൻ |

**14.**അവിടെ ഒരു മേഘത്തിൽ ഒരു പയ്യൻ ഇരിക്കുന്നു. സൈക്കിൾ ചവിട്ടാൻ എന്ന കവിതയിൽ മേഘത്തിലിരിക്കുന്നപയ്യൻആരായിരുന്നു**(1)**

**15.**സൗന്ദര്യമുള്ളവൾ -സുന്ദരി എങ്കിൽ സൗന്ദര്യമുള്ളവൻ എന്നതിന്റെ ഒറ്റവാക്ക് (1)

**16.**അപകടകാരികളായ തെരുവ് നായകൾ ചുറ്റും കൂടി കുരച്ചു. കൂസലില്ലാതെ അവർ വീട്ടിലേക്ക് നടന്നു.

'കൂസലില്ലാതെ'ഇതുകൊണ്ട് അർത്ഥമാക്കുന്നത് എന്ത്? (1)

## ENGLISH

**Marks:10**

**1.**Dilna became a hero. She was invited to our school to receive an award.

**Venue:** Gups pazhayakadakkal **Date:**September 15th 2025

**Time:** 10:00 a.m. **Chief guest**: MLA Anil Kumar

**Prepare a notice for the programme .(3)**

**2. Arrange the events in the correct order.(1)**

**a) The mother smiled at the fireman and thanked them.**

**b) Two Fireman rushed into the house.**

**c) Dilna and her little brother were playing in the backyard.**

**d) She ran to the phone and dialled 101**

**3. Rearrange it as a meaningful word.(1)**

| | | | | | | |
|---|---|---|---|---|---|---|
| **R** | **R** | **B** | **Y** | **A** | **E** | **V** |

**4.** Write the one word for **"in a foreign country "(1)**

**5.** Find out the odd one **(1)**

**a) Nod-nodded** **b) Shake-shaked**

**c) Run-ran** **d) Grab-grabbed**

**6.** Rearrange the words and make a meaningful sentence. **(1)**

**Dilna/her/mother's/side/to/rushed**

**7.** Who said this:- "**Thank you dilna, I will help you.**"**(1)**

**8. Which of the following word is not a naming word?(1)**

**A.Dilna** **B.Phone**

**C.Shook** **D.House**

---

## പൊതുവിജ്ഞാനം

**Marks:10**

---

**1**.അതിർത്തി ഗാന്ധി എന്നറിയപ്പെടുന്നതാര് ?

2.മിയ വാക്കി വനങ്ങളുടെ ഉപജ്ഞാതാവ് ആര് ?

3.അക്കിത്തം എന്ന ളുലികാനാമത്തിൽ അറിയപ്പെടുന്ന കവി ആര്?

4 .കേരള സംസ്ഥാന ബാലാവകാശ കമ്മീഷൻ കുട്ടികൾക്കായി ആരംഭിച്ച ഇൻറർനെറ്റ് റേഡിയോ പ്രോഗ്രാമിന്റെ പേരെന്ത്?

5.സമരം തന്നെ ജീവിതം ആരുടെ ആത്മകഥയാണ്?

6 .കേരളത്തിലെ ഇപ്പോഴത്തെ വിദ്യാഭ്യാസ മന്ത്രി ആര്?

**a)** വീണ ജോർജ് **b)** കെ രാജൻ

**c)** വി.ശിവൻകുട്ടി **d)** പിണറായി വിജയൻ

7.പ്രാചീന കവിത്രയത്തിൽ ഉൾപ്പെടാത്തത് ആര്?

**a)** ചെറുശ്ശേരി **b)** എഴുത്തച്ഛൻ

**c)** ഉള്ളൂർ **d)** കുഞ്ചൻ നമ്പ്യാർ

**8.**ഇന്ത്യയിൽ കടൽതീരം ഉള്ള സംസ്ഥാനങ്ങളുടെ എണ്ണം എത്ര?

9.രണ്ട് സംസ്ഥാനങ്ങളുടെ തലസ്ഥാനം കേന്ദ്ര ഭരണ പ്രദേശവും ആയത് ഏത്?

10.അന്താരാഷ്ട്രബഹിരാകാശ നിലയത്തിൽ എത്തിയ ആദ്യ ഇന്ത്യക്കാരൻ ആര്?